പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2949** — **15.12.2015** ൽ മറുപടി നൽകേണ്ടിയിരുന്നത്

# ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. പി.കെ. അബ്ദുറബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ 304 വിദ്യാലയങ്ങളുണ്ട്. |
| (ബി) | ഓരോ വിദ്യാലയത്തിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകരുണ്ടോ; | (ബി) | എല്ലാ എം.ജി.എൽ.സികളിലും അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ട്. 119 എം.ജി.എൽ.സികളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 5-ൽ കുറവും മറ്റുള്ളവയിൽ അതിൽ കൂറവും കുട്ടികൾ പഠിക്കുന്നു. അടങ്ങുന്ന ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഏകാധ്യാപക വിദ്യാലയങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ജോലിസ്ഥിരത, ഭൗതിക സാഹചര്യം, ശമ്പള വർദ്ധന, യാത്രാബത്തകൾ തുടങ്ങിയവ സംബന്ധിച്ച പരാതികൾ നിലവിലുണ്ട്. 12.11.2015 ൽ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ MGLC കളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച വിഷയം വീണ്ടും മന്ത്രിസഭായോഗത്തിനു മുമ്പായി സമർപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപകർക്ക് യഥാസമയം വേതനം നൽകുന്നുണ്ടോ; ഇവരുടെ വേതനം എത്രയാണ്; വേതനം കുടിശ്ശികയുണ്ടോ; എത്ര കാലത്തെ കുടിശ്ശികയുണ്ട്; | (ഡി) | അദ്ധ്യാപകർക്ക് പ്രതിമാസം 5000/- രൂപയാണ് ഹോണറേറിയമായി നൽകി വരുന്നത്. നിലവിൽ ഒക്ടോബർ, നവംബർ മാസങ്ങളിലെ ശമ്പളം മുടങ്ങിയിട്ടുണ്ട്. കൂടാതെ 03/03/2016 തീയതിയിലെ സ.ഉ(സാധ)നം.954/16/പൊ.വി.വ പ്രകാരം എഡ്യൂക്കേഷണൽ വോളന്റിയർമാരുടെ പ്രതിമാസ വേതനം 10000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഇ) | ആദിവാസി മേഖലകളിൽ എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നത്; | (ഇ) | 167 എണ്ണം |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏകാധ്യാപക വിദ്യാലയങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ട്; ഇതിനുള്ള കാരണം വിശദമാക്കാമോ? | (എഫ്) | കഴിഞ്ഞ സർക്കാറിന്റെ കാലാവധിയിൽ പത്തനംതിട്ട ജില്ലയിലെ ഏഴ് എം.ജി.എൽ.സികൾ അടച്ചുപൂട്ടി. ലഭ്യമായ കണക്കുകൾ പ്രകാരം 2011-12 വർഷം 365 എം.ജി.എൽ.സികൾ പ്രവർത്തിച്ചിരുന്നു. നിലവിൽ 304 എം.ജി.എൽ.സികൾ പ്രവർത്തിക്കുന്നു. 61 എം.ജി.എൽ.സികൾ നിർത്തലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ